# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2221

14-06-2019 ൽ മറുപടിക്ക്

**ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ഓഹരി ലിസ്റ്റ് ചെയ്ത നടപടി**

| ചോദ്യം<br>ശ്രീ. അനൂപ് ജേക്കബ്<br>ശ്രീ. റോജി എം. ജോൺ<br>ശ്രീ. വി.ടി.ബൽറാം<br>ശ്രീ. കെ.എസ്.ശബരീനാഥൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ കിഫ്ബി ഓഹരി ലിസ്റ്റ് ചെയ്തത് അഭിമാനാർഹമായ കാര്യമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;<br><br>(ബി) കിഫ്ബിയുടെ ധനസമാഹരണത്തിനായി ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ഓഹരി ലിസ്റ്റ് ചെയ്ത നടപടി ഈ സർക്കാരിന്റെ നയങ്ങളിൽ വന്ന മാറ്റത്തിന്റെ ഭാഗമാണോ എന്നറിയിക്കാമോ? | വിദേശ കടപ്പത്ര വിപണിയിൽ പ്രവേശനം നേടുന്ന ഇന്ത്യയിൽ നിന്നുള്ള ആദ്യ സംസ്ഥാനമെന്ന അപൂർവ്വ നേട്ടമാണ് കിഫ്ബി കരസ്ഥമാക്കിയത്. ഇന്ത്യയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ഇതുവരെ ഏർപ്പെട്ട മസാല ബോണ്ട് സമാഹരണത്തിൽ വച്ച് ഏറ്റവും വലിയ രണ്ടാമത്തെ ഉദ്യമമാണ് കിഫ്ബിയുടെ നേട്ടം. 2016 ൽ ഭാരതീയ റിസർവ് ബാങ്ക് മസാല ബോണ്ട് സമ്പ്രദായത്തിനു അനുമതി നല്കിയതിനുശേഷമുണ്ടായ ഏറ്റവും വലിയ മൂന്നാമത്തെ സമാഹരണമാണിത്. കൂടുതൽ സംസ്ഥാനങ്ങൾക്കും സ്ഥാപനങ്ങൾക്കും നൂതന ധനോപാധികൾ പരീക്ഷിച്ച് വിജയിക്കുവാനുള്ള ഒരു പ്രചോദനമായി മാറാൻ കിഫ്ബിയ്ക്ക് ഇതിലൂടെ സാധിച്ചു എന്നതിൽ സംശയമില്ല.<br><br>കിഫ്ബിയുടെ ആക്ട് അനുശാസിക്കും വിധം റിസർവ് ബാങ്ക്, സെബി എന്നീ നിയന്ത്രണ സംവിധാനങ്ങൾ അംഗീകരിച്ചിട്ടുള്ള എല്ലാ ഉപാധികളിലൂടെയും ധനസമാഹരണം നടത്തി ഏറ്റെടുത്തിരിക്കുന്ന അൻപതിനായിരം കോടി രൂപയുടെ പദ്ധതികൾ പൂർത്തിയാക്കുവാനാണ് കിഫ്ബി ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായുള്ള ഒരു ധനസമാഹരണം മാത്രമായിരുന്നു ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്ത കിഫ്ബിയുടെ മസാല ബോണ്ട്. കേന്ദ്ര സർക്കാരും നിയന്ത്രണ ഏജൻസികളും കല്പിച്ചിട്ടുള്ള പരിധികൾക്കുള്ളിൽ നിന്നും കൊണ്ട് കിഫ്ബി നടത്തിയ പ്രശംസനീയമായ ഒരു ഇടപാടായി ഇതിനെ കണക്കാക്കാം. |

**അക്കൗണ്ട്സ് ഓഫീസർ**